# കണ്ണൂർസർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I..2/PR/2022 — കെ. യു എച്ച്. ക്യു, തീയതി 20.08.2022

**പ്രസിദ്ധീകരണത്തിന്**

**പരീക്ഷാവിജ്ഞാപനം**

**30.09.2022** ന് ആരംഭിക്കുന്ന **മൂന്നാം** സെമസ്റ്റർ **ഇന്റഗ്രേറ്റഡ് എം. എസ് സി.** (റെഗുലർ), ജൂലൈ 2022 പരീക്ഷകൾക്ക് **27.08.2022** മുതൽ **30.08.2022** വരെ പിഴയില്ലാതെയും **31.08.2022** വരെ പിഴയോടെയും അപേക്ഷിക്കാം. വിശദമായ പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

**ടൈംടേബിൾ**

**13.09.2022** ന് ആരംഭിക്കുന്ന **രണ്ടാം** സെമസ്റ്റർ **ബി. എഡ്.** (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2022 പരീക്ഷാടൈടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

**പരീക്ഷാഫലം**

പ്രൈവറ്റ് റെജിസ്ട്രേഷൻ വിദ്യാർഥികളുടെ **ഒന്നാം** വർഷ **അഫ്സൽ ഉൽ ഉൽമ (പ്രിലിമിനറി)** ഏപ്രിൽ 2021 (റെഗുലർ) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനഃപരിശോധനക്കും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **02.09.2022** വരെ അപേക്ഷിക്കാം. മാർക്ക് ലിസ്റ്റ് വിതരണം ചെയ്യുന്ന തീയതി പിന്നീട് അറിയിക്കും.

**ടീച്ചേഴ്സ് ഇൻഡക്സ്**

കണ്ണൂർ സർവകലാശാലയിൽ ടീച്ചേഴ്സ് ഇൻഡക്സ് പുതുതായി തയ്യാറാക്കുന്നതിലേക്കായി, അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകരുടെ പ്രൊഫൈൽ അപ്ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് **22.08.2022** മുതൽ സർവകലാശാല വെബ്സൈറ്റിൽ പ്രവർത്തനക്ഷമമാകുന്നതാണ്. അഫിലിയേറ്റഡ് കോളേജുകളിലെ മുഴുവൻ അധ്യാപകരും അവരുടെ പ്രൊഫൈൽ അപ്ലോഡിങ് നടപടികളും, ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ / പ്രിൻസിപ്പൽമാരുടെ വെരിഫിക്കേഷൻ നടപടികളും **27.08.2022** ന് മുൻപായി പൂർത്തീകരിക്കേണ്ടതാണെന്നും, കൂടാതെ അധ്യാപകർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് **12.09.2022** മുതൽ സർവകലാശാല വെബ്സൈറ്റിൽ പ്രവർത്തനക്ഷമമാകുന്നതാണെന്നും, മുഴുവൻ അധ്യാപകരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ വെരിഫിക്കേഷനോടുകൂടി അന്നു മുതൽ എത്രയും പെട്ടെന്ന് അപ് ലോഡ് ചെയ്യേണ്ടതാണെന്നും പരീക്ഷാകൺട്രോളർ അറിയിക്കുന്നു.

ഒപ്പ്/-

**ഡെപ്യൂട്ടി രജിസ്ട്രാർ I**
**പരീക്ഷാവിഭാഗം**